**No. CEE/3600/ KEAM-2021/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM-2021

## എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം

## ഭിന്നശേഷി വിഭാഗക്കാർക്കുള്ള ശാരീരിക പരിശോധന സംബന്ധിച്ച്

സംസ്ഥാനത്തെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചവരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർക്കായി പ്രോസ്പെക്ടസ് ക്ലോസ് 5.3 പ്രകാരം മെഡിക്കൽ ബോർഡ് കൂടി ശാരീരിക പരിശോധന നടത്തേണ്ടതുണ്ട്. കോവിഡ് 19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ, 2021 വർഷത്തെ ഭിന്നശേഷി വിഭാഗക്കാർക്കായുള്ള മെഡിക്കൽ ബോർഡ് **സെപ്തംബർ 23, 24 തീയതികളിലായി** അനുബന്ധമായി ചേർത്തിരിക്കുന്ന കേരളത്തിലെ 10 ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ വച്ച് നടത്തുന്നതാണ്.

2021 വർഷത്തെ കീം പ്രവേശനത്തിന് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2021-Candidate Portal'** വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷാർത്ഥികൾ അപേക്ഷാ നമ്പറും, പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് **'Register for PwD Verification'** എന്ന മെനു ക്ലിക്ക് ചെയ്ത് മെഡിക്കൽ ബോർഡ് പരിശോധനയ്ക്കായി പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന സെന്റർ സെലക്ട് ചെയ്ത് 21.09.2021, **വൈകിട്ട്** 5.00 മണിക്ക് മുമ്പായി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഹാജരാകേണ്ട സെന്റർ, തീയതി, സമയം എന്നിവ രേഖപ്പെടുത്തിയ അറിയിപ്പ് കത്ത്, മെഡിക്കൽ പരിശോധന സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ട ഫോർമാറ്റ് എന്നിവ ലഭ്യമാകുന്നതാണ്. ഇങ്ങനെ ലഭ്യമാകുന്ന രണ്ട് ഡോക്യുമെന്റുകളുടെ പ്രിന്റൗട്ട്, ശാരീരിക അവശത തെളിയിക്കുന്ന അസ്സൽ മെഡിക്കൽ രേഖകൾ എന്നിവ സഹിതം നിശ്ചിത സമയത്ത് മെഡിക്കൽ പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്.

കുറിപ്പ്: ***കേൾവി ശക്തി കുറവുള്ള അപേക്ഷകർ ഏതെങ്കിലും സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും അടുത്ത കാലത്ത് നേടിയിട്ടുള്ള ഓഡിയോഗ്രാം റിപ്പോർട്ട് പരിശോധനാ വേളയിൽ ഹാജരാക്കേണ്ടതാണ്.***

| Sl No | Medical Board Examination Centre | Date |
|---|---|---|
| 1 | Govt. Medical college, Thiruvananthapuram | 23.09.2021 & 24.09.2021 |
| 2 | Govt. Medical college, Kollam | 23.09.2021 & 24.09.2021 |
| 3 | Govt. Medical college, Alappuzha | 24.09.2021 |
| 4 | Govt. Medical college, Kottayam | 23.09.2021 & 24.09.2021 |
| 5 | Govt. Medical college, Thrissur | 24.09.2021 |
| 6 | Govt. Medical college, Ernakulam | 23.09.2021 & 24.09.2021 |
| 7 | Govt. Medical college, Palakkkad | 24.09.2021 |
| 8 | Govt. Medical college, Manjeri, Malappuram | 23.09.2021 & 24.09.2021 |
| 9 | Govt. Medical college, Kozhikode | 23.09.2021 & 24.09.2021 |
| 10 | Govt. Medical college, Kannur | 23.09.2021 & 24.09.2021 |

കോവിഡ്–19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ മെഡിക്കൽ ബോർഡിന് ഹാജരാകുന്ന രക്ഷിതാക്കളും വിദ്യാർത്ഥികളും ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാ മുൻകരുതലുകൾ നിർബന്ധമായും പാലിക്കേണ്ടതാണ്

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**



തിരുവനന്തപുരം
18.09.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**